മലയാള മനോരമ
ESTABLISHED 1888

Dated - 13/07/2025
Malappuram Edition

Page No - 2
Column - 1

# ത്രോബോൾ

കോട്ടയ്ക്കൽ● ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 27ന് വളാഞ്ചേരി എംഇഎസ് എച്ച്എസ്എസ് മൈതാനിയിൽ നടക്കും. 22നു മുൻപായി പ്ലേയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കേണ്ടതാണ്. ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ തിരഞ്ഞെടുക്കും. 8590806050, 9633871688.

ദേശാഭിമാനി
Malappuram Edition
Dated - 23/07/2025
Page No - 3    Column - 4

# ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

വളാഞ്ചേരി

പതിനൊന്നാമത് ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 27ന് വളാഞ്ചേരി എംഇഎസ് എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. 22ന് മുമ്പായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം.

2007 ജനുവരി ഒന്നിനുശേഷം ജനിച്ചവർക്ക് മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട മലപ്പുറം ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്ന് തെരഞ്ഞെടുക്കുന്നതാണ്. ഫോൺ: 8590806050, 9633871688.

ദേശാഭിമാനി
Malappuram Edition
Dated - 08/08/2025
Page No - 2
Column - 1

# ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 10ന്

വളാഞ്ചേരി

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ഞായറാഴ്ച വളാഞ്ചേരി എംഇഎസ് എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. രജിസ്ട്രേഷൻ www.throwballkerala.com വെബ്സൈറ്റിൽ പൂർത്തിയാക്കാം. 2007 ജനുവരി ഒന്നിനുശേഷം ജനിച്ചവർക്കാണ് പങ്കെടുക്കാനാകുക. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കില്ല. ഫോൺ: 8590806050, 9633871688.

Page No - 2 മാധ്യമം Column - 3,4,5,6
Malappuram Edition Dated 12/08/2025

**ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പ്**

# ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമിയും പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ്.എസും ചാമ്പ്യന്മാർ

വളാഞ്ചേരി: പതിനൊന്നാമത് ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ് സ്കൂളും ചാമ്പ്യന്മാരായി. ആൺകുട്ടികളിൽ യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് ക്ലബും പെൺകുട്ടികളിൽ പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷനൽ സ്കൂളും രണ്ടാം സ്ഥാനം കരസ്ഥമാക്കി.

പെൺകുട്ടികളുടെ വിഭാഗത്തിൽ പീസ് പബ്ലിക് സ്കൂളും നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ആൺകുട്ടികളുടെ വിഭാഗത്തിൽ യൂനിവേഴ്സിറ്റി കാമ്പസ് 9 ക്ലബും എസ്.എൻ.എം സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കിട്ടു.

ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരായി എസ്.എൻ.എം.എച്ച്.എസ്.എസിലെ ഷംന ഷെറിനെയും ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമിയിലെ മുഹമ്മദ് ആദിലിനെയും തിരഞ്ഞെടുത്തു.

ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസിൽ നടന്ന ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം ജില്ല സ്പോർട്സ് കൗൺസിൽ ഒബ്സെർവർ കെ. വത്സല നിർവഹിച്ചു.



പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യന്മാരായ പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ്.എസ് ടീം

ദേശാഭിമാനി
Malappuram Edition
Dated - 12/08/2025
Page No -3
Column - 5,6,7,8

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# ചുങ്കത്തറ മാർത്തോമ അക്കാദമിയും പരപ്പനങ്ങാടി എസ്എൻഎമ്മും ചാമ്പ്യൻമാർ



ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമി ടീം



പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ പരപ്പനങ്ങാടി എസ്എൻഎംഎച്ച്എസ്എസ് ടീം

**വളാഞ്ചേരി**

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്എൻഎംഎച്ച്എസ് സ്കൂളും ചാമ്പ്യൻമാരായി. ആൺകുട്ടികളിൽ യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്ബും പെൺകുട്ടികളിൽ പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷണൽ സ്കൂളും രണ്ടാം സ്ഥാനം നേടി.

പെൺകുട്ടികളുടെ വിഭാഗത്തിൽ പീസ് പബ്ലിക് സ്കൂളും നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കിട്ടു. ആൺകുട്ടികളിൽ യൂണിവേഴ്സിറ്റി ക്യാമ്പസ് 9 ക്ലബ്ബും എസ്എൻഎം സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കിട്ടു. മികച്ച കളിക്കാരായി എസ്എൻഎംഎച്ച്എസ്എസ്സിലെ ഷംന ഷെറിനെയും ചുങ്കത്തറ മാർത്തോമാ സ്പോർട്സ് അക്കാദമിയിലെ മുഹമ്മദ് ആദിലിനെയും തെരഞ്ഞെടുത്തു.

ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സെർവർ കെ വത്സല ചാമ്പ്യൻഷിപ്പ് ഉദ്ഘാടനംചെയ്തു. സമാപന സമ്മേളനത്തിൽ ജില്ലാ ത്രോബോൾ വൈസ് പ്രസിഡന്റ് മറിയാമ്മ സമ്മാനദാനം നിർവഹിച്ചു. അസോസിയേഷൻ ട്രഷറർ അക്ബർ അലി സംസാരിച്ചു. ജോയിന്റ് സെക്രട്ടറി ടി ബദറുദ്ദീൻ അലി സ്വാഗതവും സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദിയും പറഞ്ഞു.

മാധ്യമം

Perinthalmanna Edition
Dated - 12/08/2025

Page No - 3
Column- 1,2,3

## ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പ്

# ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമിയും പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ്.എസും ചാമ്പ്യന്മാർ

**വളാഞ്ചേരി:** പതിനൊന്നാമത് ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്.എൻ.എം.എച്ച്.എസ് സ്കൂളും ചാമ്പ്യന്മാരായി. ആൺകുട്ടികളിൽ യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് ക്ലബും പെൺകുട്ടികളിൽ പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷനൽ സ്കൂളും രണ്ടാം സ്ഥാനം കരസ്ഥമാക്കി.

പെൺകുട്ടികളുടെ വിഭാഗത്തിൽ പീസ് പബ്ലിക് സ്കൂളും നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ആൺകുട്ടികളുടെ വിഭാഗത്തിൽ യൂനിവേഴ്സിറ്റി കാമ്പസ് 9 ക്ലബ്ബും എസ്.എൻ.എം സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കിട്ടു. ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരായി എസ്.എൻ.എം.എച്ച്.എസ്.എസിലെ ഷംന ഷെറിനെയും ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമിയിലെ മുഹമ്മദ് ആദിലിനെയും തിരഞ്ഞെടുത്തു.



ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യന്മാരായ ചുങ്കത്തറ മാർത്തോമ സ്പോർട്സ് അക്കാദമി ടീം

ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസിൽ നടന്ന ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം ജില്ല സ്പോർട്സ് കൗൺസിൽ ഒബ്സെർവർ കെ. വത്സല നിർവഹിച്ചു. സമാപന സമ്മേളനത്തിൽ ജില്ല ത്രോബാൾ വൈസ് പ്രസിഡന്റ് മറിയാമ്മ സമ്മാനദാനം നിർവഹിച്ചു. ജില്ല അസോസിയേഷൻ ട്രഷറർ അക്ബർ അലി സംസാരിച്ചു. ജില്ല അസോസിയേഷൻ ജോ. സെക്രട്ടറി ടി. ബദറുദ്ദീൻ അലി സ്വാഗതവും അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദിയും പറഞ്ഞു. അരുൺ, റീന ജോസഫ്, ജസീം, ബീന, അവിനാ വിനോദ്, സി. അനിൽ, നിതിൻ, മുഹമ്മദ് അഫ്ലഹ് എന്നിവർ സംബന്ധിച്ചു.

ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യഷിപ്പിനുള്ള ജില്ല ടീം ക്യാമ്പിലേക്കുള്ള കളിക്കാരെ ഒബ്സെർവർമാരുടെ സാന്നിധ്യത്തിൽ തിരഞ്ഞെടുത്തു.